പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 462 — 19.03.2013 -ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യിലെ ടി.ടി. സർവ്വീസ്

ചോദ്യം

ശ്രീ. എ. കെ. ശശീന്ദ്രൻ
" തോമസ് ചാണ്ടി

ഉത്തരം

ശ്രീ.ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യുടെ "ടൗൺ ടു ടൗൺ" അഥവാ ടി.ടി. സർവ്വീസ് നഷ്ടത്തിലോടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ " ടൗൺ ടു ടൗൺ " സർവ്വീസുകൾ ലാഭവും നഷ്ടവുമില്ലാത്ത അവസ്ഥയിൽ നടത്തണമെങ്കിൽ പ്രതിദിനം 14,000 രൂപ വരുമാനം ലഭിക്കണമെന്നാണ് കണക്കാക്കിയിരിക്കുന്നത്. എല്ലാ ടൗൺ ടു ടൗൺ സർവ്വീസുകൾക്കും ഇത്രയും വരുമാനം ലഭിക്കാറില്ല. എന്നിരുന്നാലും യാത്രക്കാർക്ക് പ്രയോജനപ്രദമായ ടി സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. മുടക്കമില്ലാതെ നടത്തി വരുന്നു. |
| (ബി) | സ്റ്റോപ്പുകൾ കൂട്ടിയതിനാൽ കൃത്യ സമയത്ത് ലക്ഷ്യ സ്ഥാനത്ത് എത്താൻ സാധിക്കാത്തതാണ് ടി.ടി. സർവ്വീസിൽ യാത്രക്കാർ കുറഞ്ഞത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടുതലായി സ്റ്റോപ്പുകൾ അനുവദിക്കുന്നത് ടൗൺ ടു ടൗൺ സർവ്വീസുകളുടെ വിശ്വാസ്യതയ്ക്കും വരുമാനക്കുറവിനും കാരണമാകാറുണ്ട്. എന്നാൽ ജനപ്രതിനിധികളുടെയും സംഘടനകളുടെയും യാത്രക്കാരുടെയും നിരന്തരമായ ആവശ്യം മുൻനിർത്തിയാണ് ടി.ടി. സർവ്വീസുകൾക്ക് കൂടുതലായി സ്റ്റോപ്പുകൾ അനുവദിച്ച് വരു ന്നത് |
| (സി) | ടി.ടി. സർവ്വീസുകൾക്ക് കുറഞ്ഞ സ്റ്റോപ്പുകൾ മാത്രം നൽകി നിശ്ചിത സമയത്ത് ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരത്തക്ക രീതിയിൽ പുനഃക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | അനുവദിച്ച സ്റ്റോപ്പുകൾ എടുത്ത് മാറ്റുന്നത് യാത്രക്കാരുടെ ശക്തമായ എതിർപ്പിന് കാരണമാകുമെന്നതിനാൽ പുനഃക്രമീകരിക്കുവാൻ കഴിയുമെന്ന് കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ